## 575

*രീതി: അക്കരെയ്ക്കു യാത്ര ചെയ്യും*

1 ആനന്ദം ആനന്ദം ആനന്ദമേ ആരും തരാത്ത സമാധാനമേ
അരുമ നാഥൻ എന്റെ അരികിലുണ്ടേ
അതുമതി അടിയനീ മരുയാത്രയിൽ-

2 തന്നരികിൽ എന്നും മോദമുണ്ട് ആനന്ദത്തിൻ പരിപൂർണ്ണതയും
മാൻ അരുവി തിരഞ്ഞിടുന്നപോൽ ഞാനവൻ സന്നിധി കാംക്ഷിക്കുന്നു

3 നല്ലവൻ താനെന്ന് രുചിച്ചറിഞ്ഞാൽ ഇല്ലൊരു ഭാരവുമീയുലകിൽ
തൻചുമലിൽ എല്ലാം വച്ചിടും ഞാൻ താൻ ചുമടാകെ വഹിച്ചിടുവാൻ

4 അന്ത്യം വരെ എന്നെ കൈവെടിയാതന്തികേ നിന്നിടാമെന്നു ചൊന്ന
തൻതിരു മാറിടമെന്നഭയം എന്തിനെനിക്കിനീ ലോകഭയം- **G.K.**